കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മതിലകം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ ടി എസ് ആർ(പി 9)477/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 29/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
അസി.ഡെവലപ്മെന്റ് കമ്മീഷണർ, തൃശ്ശൂർ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
കാര്യാലയ പകർപ്പ്

നമ്പർ: കെ എസ് എ ടി എസ് ആർ(പി 9)477/2023 തീയ്യതി: 29/04/2023

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-12-2021 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സുധാ ദാസ്	ജോയിന്റ് ഡയറക്ടർ	27-03-2023	04-04-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
27-03-2023	04-04-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സദാനന്ദൻ പി ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത ടി എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ജോയ്സൻ സി ജെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സി കെ ഗിരിജ	പ്രസിഡന്റ്	01-04-2021	31-03-2022

ശ്രീ വിക്രമൻ ആശാരി എസ്	സെക്രട്ടറി	01-04-2021	27-05-2021
ശ്രീ സംഗീത് സി കെ	സെക്രട്ടറി	27-05-2021	15-06-2021
ശ്രീ എം കെ ദിലീപ്	സെക്രട്ടറി	16-06-2021	18-06-2021
ശ്രീ ഹംസ പി എം	സെക്രട്ടറി	18-06-2021	31-08-2021
ശ്രീ ശ്രീജിത്ത് സി	സെക്രട്ടറി	31-08-2021	29-09-2021
ശ്രീമതി എം എസ് വിജയ	സെക്രട്ടറി	29-09-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ജ്യോതി പി ബിന്ദു	കൃഷി അസി.ഡയറക്ടർ	01-04-2021	01-08-2021
അനില മാത്യു	കൃഷി അസി.ഡയറക്ടർ	02-08-2021	31-03-2022
സന്തോഷ് എം പി	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2021	31-03-2022
ഡോ.സാന്ര എം പി	മെഡിക്കൽ ഓഫീസർ, സി എച്ച് സി	01-04-2021	31-03-2022
ലളിത കെ കെ	സി ഡി പി ഒ	01-04-2021	31-03-2022
മനോജ് ടി	വ്യവസായ വികസന ഓഫീസർ	01-04-2021	02-03-2022
ഒഴിവ്	വ്യവസായ വികസന ഓഫീസർ	03-03-2022	06-03-2022
ആഷ് വെലൽ ജെയിംസ്	വ്യവസായ വികസന ഓഫീസർ	07-03-2022	31-03-2022
രമ്യ എ പി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-03-2022
ഗിരീഷ് കുമാർ പി	പട്ടികജാതി വികസന ഓഫീസർ	01-04-2021	31-03-2022
ബിന്ദു കെ സി	അസി.എഞ്ചിനീയർ	01-04-2021	25-11-2021
ശ്രീമതി ബിന്ദു എം യു	അസി.എഞ്ചിനീയർ	25-11-2021	31-03-2022

.

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	കാഷ് ബാലൻസ് പരിശോധന	1-6
7	ആഭ്യന്തര നിയന്ത്രണം	1-7
8	വാർഷിക കണക്കിലെ അപാകതകൾ	1-8
9	ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തിയില്ല	1-8-1
10	ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കേണ്ടതാണ്	1-8-2
11	അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല	1-8-3
12	എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല	1-8-4
13	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-8-5
14	Deposit Register,Advance Register എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല	1-8-6
15	ഡിപ്രിയിസേഷൻ കണക്കാക്കിയ ജേണൽ വൌച്ചർ ഹാജരാക്കിയിട്ടില്ല.	1-8-7
16	പ്ലാൻ ഫണ്ടിൽ നിന്ന് അടവാക്കിയ തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്	1-8-8
17	ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ കൃത്യമല്ല	1-8-9
18	ബാലൻസ് ഷീറ്റ് ബി6 ൽ 331800101 Unsecured Loan എന്ന ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക പരിശോധിക്കേണ്ടതാണ്	1-8-10
19	കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല	1-8-11
20	Capital Work In Progress എന്ന ശീർഷകത്തിലെ തുക കൃത്യമല്ല	1-8-12
21	Directly Debited By Bank എന്ന ശീർഷകത്തിൽ ഉൾപ്പെട്ട തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-8-13
22	Directly Credited By Bank എന്ന ശീർഷകത്തിലെ തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-8-14
23	റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും,ബാങ്ക് ബുക്കും പൊരുത്തപ്പെടുന്നില്ല.	1-8-15
24	എ.സി.ആർ പ്രകാരം ഡവലപ്പ്മെന്റ് ഫണ്ടിന്റെ പ്രോഗ്രസീവ് തുകയും Receipt	1-8-16

	& Payment തുകയും പൊരുത്തപ്പെടുന്നില്ല	
25	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമാക്കേണ്ടതാണ്	1-8-17
26	ലേലം നടത്തിയില്ല. ലേല ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല	1-9
27	രശീതി,കാഷ്ബുക്ക് എൻടി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല	1-10
28	വാടക കുടിശ്ശിക പിരിച്ചെടുക്കുന്നില്ല	1-11
29	പഴയ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ മരം മുറിച്ചത് സുതാര്യമായ അന്വേഷണം നടത്തേണ്ടതാണ്	1-12
30	ലേല തുക ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്	1-13
31	ട്രഷറി ഇ ബിൽ ബുക്ക് /പ്രൊജക്ട് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയില്ല	1-14
32	പി എം എ വൈ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.	1-15
33	ജിഎൽ പിഎസ് സ്കൂളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ-സർക്കാർ ഉത്തരവ് പാലിച്ചില്ല.	1-16
34	സൗര റാന്തൽ വിതരണം -രേഖകൾ ഹാജരാക്കിയില്ല	1-17
35	മരുന്ന് ലഭ്യമായിട്ടില്ല.	1-18
36	GeM മുഖേന അല്ലാതെ വാങ്ങൽ നടത്തി.	1-19
37	സൂപ്രണ്ട് സിഎച്ച്സി നടപ്പിലാക്കിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതികൾ-സർക്കാർ ഉത്തരവ് പാലിച്ചില്ല.	1-20
38	ഇലക്ട്രിക് പ്രവൃത്തി-അധിക പ്രതിഫലം നല്കി	1-21
39	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	1-22
40	തനത് ഫണ്ട് ചെലവുകളുടെ വൌച്ചറുകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു	1-23
41	തനത് ഫണ്ട് ചെലവുകൾ - ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയില്ല	1-24
42	പഠനമുറി പൂർത്തീകരിച്ചിട്ടില്ല	1-25
43	ഡയറി ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ ന്യൂനതകൾ	1-26
44	ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്	1-27
45	രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു	1-28
46	വനിതാഗ്രൂപ്പുകളുടെ സ്വയം സംരംഭങ്ങൾക്ക് സബ്സിഡി നൽകിയത് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.	1-29
47	പദ്ധതികൾ സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്	1-30
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		

1	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
4	വായ്പ/ വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ്ജ് സർചാർജ്ജ്	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
16.02.2021	1	148069000	147069000

1-2 വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം

സമർപ്പിക്കേണ്ട തീയതി	സമർപ്പിച്ച തീയതി
31-07-2021	24.06.2021

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	27811595
വരവ്	40395209
ആകെ	68206804
ചെലവ്	31900228
നീക്കിയിരിപ്പ്	36306576

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	വരവ്	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട്-ജനറൽ	33306921	32491572	815349
വികസനഫണ്ട്-എസ് സി പി	19610239	17272000	2338239
മെയിന്റനൻസ്-റോഡിതരം	8973584	7250826	1722758
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ബേസിക് ഗ്രാന്റ്	6874039	6431933	442106
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ്	13851276	6674962	7176314

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
161	133933677	134	79967600	59.70	83%

1-6 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 28.3.2023 തീയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം 1115 രൂപ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1-8 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1-8-1 ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തിയില്ല

ക്ര. നം.	വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയ്യതി	വൗച്ചർ
1.	കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കെട്ടിടങ്ങൾ)	130100101-Rent From Building	12,00,000/-	01.04.21	42100050

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ് (ഓഡിറ്റ് എൻകൃയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-2 ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കേണ്ടതാണ്

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

2.1വാടക ഡിമാന്റ് രജിസ്റ്റർ:ഡി.സി.ബി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2.2 ലേല ഡിമാന്റ് രജിസ്റ്റർ:ഡി.സി.ബി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
(ഓഡിറ്റ് എൻകൃയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-3 അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18)	31/3/2022ലെ ലെഡ്ജർ ബാക്കി
280800701-Prior Period Income -Miscellaneous Expense	(12100429)

(ഓഡിറ്റ് എൻകൃയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-4 എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള

ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാന്വവലായി പൊരുത്തപ്പെടുത്താനും, മുൻക്കൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.
(ഓഡിറ്റ് എൻക്വയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-6 Deposit Register,Advance Register എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല

Deposit Register, Advance Register എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. ആയതുമൂലം ഡെപ്പോസിറ്റ്, അഡ്വാൻസ് എന്നി ശീർഷകങ്ങളിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
(ഓഡിറ്റ് എൻക്വയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-7 ഡിപ്രിയിസേഷൻ കണക്കാക്കിയ ജേണൽ വൌച്ചർ ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ Income And Expenditureപത്രിക പ്രകാരം 7217683/-രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-8 പ്ലാൻ ഫണ്ടിൽ നിന്ന് അടവാക്കിയ തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി9 ൽ 350300109 എന്ന ഹെഡ്സിൽ രേഖപ്പെടുത്തിയിരിക്കുന്ന Utilised Grants Of Prior Period എന്ന ഇനത്തിൽ 124377/-രൂപ 2018-19 വർഷത്തിലെ ഡെപ്പോസിറ്റ് വർക്കിൽ ബാലൻസ് വന്ന തുക തിരികെ ലഭിച്ചതാണ്. ഈ തുക പ്ലാൻ ഫണ്ടിൽ നിന്ന് അടവാക്കിയിരുന്നതാണെങ്കിൽ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-9 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കൃത്യമല്ല

31/3/2022 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2021 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്.വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.
(ഓഡിറ്റ് എൻക്വയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-10 ബാലൻസ് ഷീറ്റ് ബി6 ൽ 331800101 Unsecured Loan എന്ന ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക പരിശോധിക്കേണ്ടതാണ്

ബാലൻസ് ഷീറ്റ് ബി6 ൽ 331800101 Unsecured Loan എന്ന ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്ന 6100/-രൂപ ഏതിനത്തിലേതാണെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-11 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

വൗച്ചർ നമ്പർ	തീയ്യതി	തുക
22100126	5/7/21	70,000/-

1-8-12 Capital Work In Progress എന്ന ശീർഷകത്തിലെ തുക കൃത്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 3545707/-രൂപയാണ്. എന്നാൽ 31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 997966/-രൂപയാണ്.

(ഓഡിറ്റ് എൻക്വയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-13 Directly Debited By Bank എന്ന ശീർഷകത്തിൽ ഉൾപ്പെട്ട തുക വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

BOB-IAY Plan(5021)(450610102) അക്കൗണ്ട് പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ 31/3/2022 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രിക യിൽ ഈ തുക " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

തീയ്യതി	തുക
2.7.21	70,000/-
ആകെ	70,000/-

(ഓഡിറ്റ് എൻക്വയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-14 Directly Credited By Bank എന്ന ശീർഷകത്തിലെ തുക വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

1. BOB-IAY Plan(5021)(450610102) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ "Directly Credited By Bank" എന്ന ഇനത്തിൽ 456307/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

2. BOB-CFC Grant(20197)(450610103) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ "Directly Credited By Bank" എന്ന ഇനത്തിൽ 11,887/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

(ഓഡിറ്റ് എൻക്വയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-15 റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും,ബാങ്ക് ബുക്കും പൊരുത്തപ്പെടുന്നില്ല.

1. താഴെ പറയുന്ന അക്കൌണ്ടുകളുടെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും, ബാങ്ക് ബുക്കും പൊരുത്തപ്പെടുന്നില്ല.

ക്ര. നം.	ബാങ്ക് അക്കൗണ്ട് നം	റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം തുക	ബാങ്ക് ബുക്ക് പ്രകാരം തുക
1	LGTSB	16,88,366/-	9,82,547/-
2	BOB-IAY Plan(5021) (450610102)	16,849,968/-	16,393,661/-

2. താഴെ പറയുന്ന അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും, ബാങ്ക് ബുക്കും പൊരുത്തപ്പെടുന്നില്ല.

ക്ര നം.	ബാങ്ക് അക്കൗണ്ട് നം	റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം CB As Per Bank Statement	ബാങ്ക് പാസ് ബുക്ക് പ്രകാരം തുക
1	Canara Bank-Plan Fund-AC(7893)450610105	16,10,473/-	16,10,477.95/-
2	Indian Bank(512094578) (450610108)	886402/-	892539/-

(ഓഡിറ്റ് എൻക്വയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-16 എ.സി.ആർ പ്രകാരം ഡവലപ്പ്മെന്റ് ഫണ്ടിന്റെ പ്രോഗ്രസീവ് തുകയും Receipt & Payment തുകയും പൊരുത്തപ്പെടുന്നില്ല

എ.സി.ആർ പ്രകാരം ഡവലപ്പ്മെന്റ് ഫണ്ടിന്റെ പ്രോഗ്രസീവ് തുക 3,24,91,572/-രൂപയും,Receipt & Payment ലെ RP 7 പ്രകാരം 30,71,832/-രൂപയുമാണ്.
(ഓഡിറ്റ് എൻക്വയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-8-17 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമാക്കേണ്ടതാണ്

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 84,94,981/-രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 91,10,414/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. മേൽ വിവരിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 20/04.04.23 മറുപടി ലഭ്യമാക്കിയില്ല)

1-9 ലേലം നടത്തിയില്ല. ലേല ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

1.ഭരണസമിതിയുടെ 09/08/21-ാം തിയ്യതിയിലെ തീരുമാനം 10(1)പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലെ ഫലവൃക്ഷങ്ങളുടെ ലേലം നടത്തുന്നതിനും,ഭരണസമിതിയുടെ 09/08/21-ാം തിയ്യതിയിലെ തീരുമാനം 11(1)പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങളുടെ ലേലം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ വരുമാനമൊന്നുമില്ല. ആയതിനാൽ ഫലവൃക്ഷങ്ങളുടെ ലേലം, കുളങ്ങളുടെ ലേലം എന്നിവ 2021-22 സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.1/28.3.23) 2021-22 സാമ്പത്തിക വർഷത്തിൽ ലേലം നടത്തിയില്ലായെന്ന് മറുപടി നൽകി. ആയതിനാൽ കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

2. വാർഷിക ധനകാര്യപത്രികയിൽ ലേലവുമായി ബന്ധപ്പെട്ട ശീർഷകത്തിൽ താഴെ പറയുന്ന തുകകൾ കാണുന്നു

ശീർഷകം	പേര്	തുക
150100107	Sale Of Usufructs Of Trees	13,620/-

Sale Of Usufructs Of Trees എന്ന ശീർഷകത്തിലെ 8470/- രൂപയുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി. ബാക്കി 5150/-രൂപയുടെ രേഖകൾ ഹാജരാക്കിയില്ല. ആയതുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 1/28.3.23 നൽകിയിരുന്നു. എന്നാൽ ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ലേലവുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 രശീതി,കാഷ്ബുക്ക് എൻട്രി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

16.3.2022-ാം തിയ്യതിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ബാങ്ക് ഓഫ് ബറോഡ (അക്കൗണ്ട് നം.11300100007628) അക്കൗണ്ടിലേക്ക് 18,000/- രൂപ ക്യാഷ് ഡെപ്പോസിറ്റ് വന്നിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട രശീതി പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 2/28.3.23 നൽകിരുന്നു. എന്നാൽ ബന്ധപ്പെട്ട രശീതി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബന്ധപ്പെട്ട രശീതി, കാഷ്ബുക്ക് എൻട്രി എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 വാടക കുടിശ്ശിക പിരിച്ചെടുക്കുന്നില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ വാടക കുടിശ്ശികയിനത്തിൽ താഴെ പറയുന്ന പ്രകാരം കുടിശ്ശിക കാണുന്നു.

ശീർഷകം	പേര്	തുക
431400101	Rent Receivables(current)	9,20,811/-
431400102	Rent Receivables(Arrear)	12,81,240/-
	ആകെ	22,02,051/-

ബ്ലോക്ക് പഞ്ചായത്തിന്റെ ബൈലോ പ്രകാരം മുറി ലേലം കൊണ്ടയാൾ പ്രതിമാസ വാടക അതത് മാസം 5-ാം തിയ്യതിയ്ക്ക് മുമ്പായി ബ്ലോക്ക് പഞ്ചായത്തിൽ അടയ്ക്കേണ്ടതാണ്. വാടക യഥാസമയത്ത് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിശ്ചിത തിയ്യതി മുതൽ പണം അടയ്ക്കുന്ന തിയ്യതി ഉൾപ്പെടെയുള്ള കാലത്തേക്ക് പ്രതിമാസം 1% പിഴ പലിശയോടുകൂടി അടയ്ക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന സംഗതിയിൽ സെക്രട്ടറി രേഖാമൂലമായ നോട്ടീസ് മൂലം കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പലിശയോ പിഴപലിശയോ സഹിതം കൊടുക്കേണ്ട തുക അങ്ങനേയുള്ള നോട്ടീസ് അയച്ച് തുക നൽകുന്നതിന് വീഴ്ചക്കാരനോട് ആവശ്യപ്പെടേണ്ടതും അതിന് വീഴ്ച വരുത്തുന്ന സംഗതിയിൽ ഉടൻതന്നെ പരിസരങ്ങൾ താത്ക്കാലികമായി അടച്ചിടേണ്ടതും പോലീസിന്റെ സഹായത്തോടെയോ അല്ലാതെയോ കൈവശക്കാരെ അവിടെനിന്നും ഒഴിവാക്കേണ്ടതുമാകുന്നു. 12 മുറികളിലെ വാടകക്കാർ മാത്രമാണ് 2021-22 സാമ്പത്തിക വർഷത്തിൽ വാടക കരാർ ബ്ലോക്ക് പഞ്ചായത്തുമായി പുതുക്കിയിട്ടുള്ളത്. ബാക്കി 28 മുറികളിലെ വാടകക്കാർ വാടക കരാർ പുതുക്കാതെ, വാടക അടവാക്കാതെ പ്രവർത്തിച്ച വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ആകെ 51 മുറികളിൽ 10 മുറികൾ ഒഴിഞ്ഞു കിടന്നു.ആയത് ലേലം ചെയ്തിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻകയറി 3/28.3.23 നൽകിയിരുന്നു.മറുപടിയിൽ ചില റൂമുകളിലെ വാടകക്കാരുമായി കേസ് നിലനിൽക്കുന്നുണ്ടെന്നും, ആർ.ആർ നടപടി ഇനത്തിൽ നാളിതുവരെ 9848/-രൂപ ലഭിച്ചതായും അറിയിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലാണ് കരാർ പുതുക്കാതിരുന്നതെന്നും, കേസ് നിലനിൽക്കുന്നതിനാലാണ് 10 മുറികൾ ലേലം ചെയ്യാതിരുന്നതെന്നും മറുപടി നൽകി. കേസുകളൊന്നും നിലവിലില്ലാത്ത ഒഴിഞ്ഞുകിടക്കുന്ന മുറികൾ ലേലം ചെയാതിരുന്നതുമൂലം ബ്ലോക്ക് പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ മുറികൾ സമയബന്ധിതമായി ലേലം ചെയ്യേണ്ടതാണ്. അതുപോലെ വാടകകുടിശ്ശിക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 പഴയ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ മരം മുറിച്ചത് സുതാര്യമായ അന്വേഷണം നടത്തേണ്ടതാണ്

ഫയൽ നം.1491/21 തീ.17.8.21 പ്രകാരം എറിയാട് മണ്ഡലം കോൺഗ്രസ്സ് വൈസ് പ്രസിഡന്റ് അരിപൂറത്ത് ഇബ്രാഹിം മകൻ ഷുക്കൂർ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ പഴയ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും ലക്ഷങ്ങൾ വിലമതിക്കുന്ന മാഞ്ചിയം, ആഞ്ഞിലി എന്നി മരങ്ങൾ കടത്തികൊണ്ടുപോയിട്ടുള്ളതായി പറയുന്നു.

ആയതിന് ബ്ലോക്ക് പഞ്ചായത്ത് നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് താഴെ ചേർക്കുന്നു. പഴയ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ അപകടകരമായി നിൽക്കുന്ന മരത്തിന്റെ ശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിന് ഹെഡ് അക്കൗണ്ടന്റ് ശ്രീ.സുരേഷ് ഇ.എൻ-നെ ചുമതലപ്പെടുത്തി. പ്രാദേശികമായി ലഭ്യമായ മരം മുറിക്കാരുടെ സഹായത്തോടെ മരത്തിന്റെ ചില്ലകളും ശിഖരങ്ങളും മുറിച്ച് തുടങ്ങി. എന്നാൽ മരത്തിന്റെ അടിഭാഗം പോതായി ദ്രവിച്ച് നിന്ന ഭാഗത്തു നിന്ന് മരം അപകടകരമായി ചായുകയുണ്ടായി. സ്ഥലം സന്ദർശിച്ച പ്രസിഡന്റിന്റെ നിർദ്ദേശപ്രകാരം മരം മുറിച്ചുമാറ്റി. മുറിച്ച മാറ്റിയ മരത്തിന്റെ ശിഖരങ്ങൾ ഭരണസമിതിയുടെ 19.7.21-ാം തിയ്യതിയിലെ തീരുമാനം നം.10(2) പ്രകാരം സ്ഥലത്തുവച്ചുതന്നെ ലേലം നടത്തുകയും ചെയ്തുവെന്ന് റിപ്പോർട്ടിലുണ്ട്.

ബ്ലോക്ക് പഞ്ചായത്തിലെ പരിസരത്ത് നിന്ന് അനുമതി ഇല്ലാതെ എടുത്ത് കൊണ്ടുപോയ ആഞ്ഞിലി മരത്തിന്റെ മൂന്നു കഷണങ്ങൾ തൊട്ടടുത്ത വഴിയിൽ കൂട്ടിയിട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ആയത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിസരത്തേക്ക് മാറ്റി ഇടാൻ നിർദ്ദേശം നൽകുകയും ചെയ്തുവെന്ന് അന്വേഷണ റിപ്പോർട്ടിലുണ്ട്.

മുകളിൽ പറഞ്ഞിട്ടുള്ള ഭരണസമിതി തീരുമാനം താഴെ ചേർക്കുന്നു:-
ഭരണസമിതിയുടെ 19.7.21-ാം തിയ്യതിയിലെ തീരുമാനം നം.10(2)പ്രകാരം മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള പഴയ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന്റെ പരിസരത്ത് പൊതുജനങ്ങൾക്കും കെട്ടിടങ്ങൾക്കും ഭീഷണിയായി അപകടകരമായ രീതിയിൽ നിൽക്കുന്ന വൃക്ഷത്തിന്റെ ശിഖരങ്ങളും കേടായി മറിഞ്ഞുവീണിട്ടുള്ള പാഴ്വൃക്ഷങ്ങളും നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ട്
1. ഭരണസമിതിയുടെ 19.7.21-ാം തിയ്യതിയിലെ തീരുമാനം നം.10(2)പ്രകാരം അപകടകരമായി നിന്നിരുന്ന മരം ആഞ്ഞിലി മരമായിരുന്നോ?

2. പരാതിയിൽ പറയുന്ന മാഞ്ചിയം മരം മുറിച്ചു മാറ്റിയിട്ടുണ്ടോ?ഉണ്ടെങ്കിൽ ആയത് ലേലം ചെയ്തിട്ടുണ്ടോ?

3. മരങ്ങൾ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്നു വാല്യൂവേഷൻ ലഭിച്ചതിനു ശേഷമാണോ ലേലം ചെയ്തിട്ടുള്ളത്?

4. മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ടീ കമ്മിറ്റി തീരുമാനം എടുത്തിരുന്നോ?ഉണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് താത്പര്യപ്പെടുന്നു.

5. പഴയ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നഷ്ടപ്പെട്ട മരം വഴിയരികിൽ നിന്നും ലഭിച്ചപ്പോൾ ബ്ലോക്ക് പഞ്ചായത്ത് പോലീസിൽ പരാതിപ്പെട്ടിരുന്നോ?

6. വഴിയരികിൽ നിന്നും മൂന്ന് മരകഷണങ്ങൾ ലഭിച്ചുവെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്.ആയതുപ്രകാരം മൂന്നുകഷണങ്ങൾ മാത്രമാണോ നഷ്ടപ്പെട്ടിരുന്നത്?

7. വഴിയരികിൽ നിന്നും ലഭിച്ച മൂന്ന് മരകഷണങ്ങൾ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്നും വാല്യൂവേഷൻ ലഭ്യമാക്കി ലേലം ചെയ്തിട്ടുണ്ടോ?
തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 4/28.03.23 നൽകിയിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ മരങ്ങൾ മുറിക്കുന്നതിന് ടീ കമ്മിറ്റി തീരുമാനം, മരങ്ങളുടെ വാല്യൂവേഷൻ എന്നിവ എടുക്കാതെ മരങ്ങൾ മുറിച്ച് ലേലം ചെയ്തത് ചട്ടപ്രകാരമല്ല. ലേലം ചെയ്തതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മുറിച്ച മരങ്ങൾ നഷ്ടപ്പെട്ടത് ബ്ലോക്ക് പഞ്ചായത്ത് അറിഞ്ഞത് പരാതി ലഭിച്ചതിന് ശേഷമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ആയതിനെതിരെ പോലീസിൽ പരാതിപ്പെട്ടില്ല. വഴിയരികിൽ നിന്നും ലഭിച്ച മരങ്ങൾ നഷ്ടപ്പെട്ടത് തന്നെയാണോയെന്നത് വ്യക്തമല്ല. വഴിയരികിൽ നിന്നും ലഭിച്ച മൂന്ന് മരകഷണങ്ങൾ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്നും വാല്യൂവേഷൻ ലഭ്യമാക്കി നാളിതുവരെ ലേലം ചെയ്തിട്ടില്ല. പഴയ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിലുണ്ടായിരുന്ന എല്ലാ മരങ്ങളും ഉൾപ്പെടുത്തി വൃക്ഷരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ആയതിനാൽ ഈ വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്ത് സുതാര്യമായ അന്വേഷണം നടത്തേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-13 ലേല തുക ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

കൊടുങ്ങല്ലൂർ താലൂക്ക് പെരിഞ്ഞനം സി.എച്ച്.സിയിലെ ഉപയോഗശൂന്യമായ ക്വാർട്ടേഴ്സ് കെട്ടിടം (A Type)-1, (B Type)-1, മെഡിക്കൽ സ്റ്റോർ എന്നിവ പൊളിച്ചു നീക്കം ചെയ്യുന്നതിന് ടെണ്ടറുകൾ ക്ഷണിച്ച് ലേലം ചെയ്തിരുന്നു. എഞ്ചിനീയറുടെ വാല്യൂവേഷൻ പ്രകാരം രണ്ട് ക്വാർട്ടേഴ്സുകളുടെയും, മെഡിക്കൽ സ്റ്റോറിന്റെയും മൂല്യം 98,200/-രൂപയാണ് കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള കരാർ ശ്രീ.അനിൽ ഒ.ബി, കോരവൻതുരുത്തി ഹൗസ്,

കൊടുങ്ങല്ലൂർ എന്നവർ 1,16,000/-രൂപയ്ക്ക് ഉറപ്പിച്ചു. 28.2.22- ആം തിയ്യതിയിലെ ഭരണസമിതി തീരുമാനം 8(4) പ്രകാരം ലേലം അംഗീകരിച്ചു. ആയതുപ്രകാരം ശ്രീ.അനിൽ ഒ.ബി ജി.എസ്.ടി അടക്കം 1,36,600/-രൂപ അടച്ച് ലേലം എറ്റെടുത്തു. പെരിഞ്ഞനം സി.എച്ച്.സിയിലെ ഉപയോഗശൂന്യമായ ക്വാർട്ടേഴ്സ് കെട്ടിടങ്ങളുടെ എണ്ണം 6 ഉം, മെഡിക്കൽ സ്റ്റോർ 1 ഉം ആണ്. ആയതിൽ രണ്ട് ക്വാർട്ടേഴ്സും, ഒരു മെഡിക്കൽ സ്റ്റോറുമാണ് ലേലം നടത്തിയിട്ടുള്ളത്. ബാക്കി നാല് ക്വാർട്ടേഴ്സുകളുടെ ലേലം നടത്തിയ രേഖകൾ ഫയലിൽ ഉണ്ടായിരുന്നില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാല്യൂവേഷൻ പ്രകാരം നാല് ക്വാർട്ടേഴ്സുകളുടെ മൂല്യം 1,29,000/-രൂപയാണ്. നിലവിൽ പെരിഞ്ഞനം സി.എച്ച്.സിയിലെ എല്ലാ ക്വാർട്ടേഴ്സുകളും പൊളിച്ച് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ആയതിനാൽ നാല് ക്വാർട്ടേഴ്സുകൾ ലേലം ചെയ്തിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 5/29.3.23 നൽകിയിരുന്നു. നാല് ക്വാർട്ടേഴ്സുകൾ ലേലം നടത്തിയെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തില്ലായെന്നും. ആയത് KMSCL തന്നെ ലേലം ചെയ്യുവെന്നും മറുപടി നൽകി. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ലേലം നടത്തിയ ലേല നോട്ടീസ്, ലേല ഡയറി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. KMSCL കെട്ടിടം പണിയുന്നതിന് കരാർ ലഭിച്ച തൃശ്ശൂർ ലേബർ കോപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് 1,29,000/-രൂപയ്ക്ക് ലേലം നൽകി. KMSCL ലേലം നടത്തിയ തുക ബ്ലോക്ക് പഞ്ചായത്തിലേക്കോ, സർക്കാരിലേക്കോ അടവാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. യഥാർത്ഥത്തിൽ ലേലം നടത്തേണ്ടത് ബ്ലോക്ക് പഞ്ചായത്താണ്. ബ്ലോക്ക് പഞ്ചായത്ത് ലേലം നടത്തിയിരുന്നെങ്കിൽ ലേല തുകയിൽ ഉയർന്ന തുക ലഭിച്ചേനേ, ആയതു നഷ്ടമായെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ആയതിനാൽ KMSCL ലേല തുക ബ്ലോക്ക് പഞ്ചായത്തിലേക്കോ,സർക്കാരിലേക്കോ അടവാക്കിയ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-14 ട്രഷറി ഇ ബിൽ ബുക്ക് /പ്രൊജക്ട് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയില്ല

2021-22 വർഷത്തെ ഓഡിറ്റിനായി താഴെ കൊടുക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ ട്രഷറി ഇ ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ല.

1. കൃഷി അസി ഡയറക്ടർ

2. സൂപ്രണ്ട് സിഎച്ച്സി പെരിഞ്ഞനം

3.ശിശു വികസന പദ്ധതി ഓഫീസർ

4.പട്ടിക ജാതി വികസന ഓഫീസർ

5. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

6. ഡയറി ഡെവലപ്മെന്റ് ഓഫീസർ

ട്രഷറി ഇ ബിൽ ബുക്ക് /പ്രൊജക്ട് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാത്തതിനാൽ ചെലവ് തുകകളുടെ കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ16/3.4.2023)

1-15 പി എം എ വൈ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1. പദ്ധതി നമ്പർ-63/22&156/22
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
ചെലവ് – 2268000(63/22) & 224000(150/22)

ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിശദാംശം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്/മേൽവിലാസം	കൈപ്പറ്റിയ തുക
1	സുബിത സുനിൽ ഏറുകാട്ടുപുരക്കൽ ചെന്ത്രാപ്പിന്നി	328000
2	ബിന്ദു ശരവണ കുമാർ പുതുവീട്ടിൽ	376000

3	ഷീബ അജയൻ, കൊല്ലാറ, എടത്തിരുത്തി	376000
4	ആമിന ഉബൈദു, കൊച്ചുവീട്ടിൽ	376000
5	ഷീബ സി കെ, ചാരുചെട്ടി വീട്, എടവിലങ്ങ്	328000
6	സുനിത മുകേഷ്, കാരകുറ്റിയേടത്ത്	376000
7	വിന്യ ഷാജു, പട്ടത്ത്, കൈപ്പമംഗലം	376000
8	താമി കുളിയേടത്ത് പാപ്പിനിവട്ടം	376000
9	സുധ അയ്യപ്പൻ ചിരട്ടപുരക്കൽ പെരിഞ്ഞനം	376000
10	രഷന കെ ആർ കൊടിയാട്ട് എസ് എൻ പുരം	376000
11	സനീഷ പുത്തൻപുര എസ് എൻ പുരം	48000
12	സ്മിത മോൾ കൊട്ടാരത്ത് എൻ പുരം	376000
13	സുശീല ആലയിൽ എൻ പുരം	376000
14	ലക്ഷ്മി ഇട്ടാരു, മുല്ലങ്ങത്ത് പി വെമ്പല്ലൂർ	376000
15	സുമ ചന്ദ്രൻ, കാതിക്കോടത്ത്, മതിലകം	376000

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-16 ജിഎൽ പിഎസ് സ്കൂളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ-സർക്കാർ ഉത്തരവ് പാലിച്ചില്ല.

പദ്ധതി നമ്പർ-104/22

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ജിഎൽ പിഎസ് സ്കൂളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ

ചെലവ് 158925/

25000 രൂപക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും GeM മുഖേന നടത്തേണ്ടതാണ് (ജി.ഒ (ആർ.ടി)നം.482/22/LSGD തീ.28.02.22). ആയതിനു പകരം ടെൻഡർ മുഖേന ആണ് വാങ്ങിയിരിക്കുന്നത്(ഓഡിറ്റ് എൻകയറി -19/3.4.23) ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്.

1-17 സൗര റാന്തൽ വിതരണം -രേഖകൾ ഹാജരാക്കിയില്ല

പദ്ധതി നമ്പർ-142/22

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

സൗര റാന്തൽ വിതരണം

ചെലവ് -9423 രൂപ (തനത് ഫണ്ട്) വൗച്ചർ നം. 22100413/22.01.22, തുക-9423/-

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രീ.ഗോപി ഇല്ലത്തുപറമ്പിൽ എന്ന വ്യക്തിയുടെ അർഹത പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ ഒന്നും ഫയലിൽ ഇല്ല. ശ്രീമതി.സുമതി ഇല്ലത്തു പറമ്പിൽ എന്നവരുടെ ജാതി തെളിയിക്കുന്ന രേഖ ഫയലിൽ ഇല്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക (3141*2=6282 രൂപ) തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻകയറി നം.19/03.04.2023)

1-18 മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സൂപ്രണ്ട്, സിഎച്ച്സി പെരിഞ്ഞനം
വിവിധ മരുന്ന് വാങ്ങൽ പദ്ധതികളിൽ മരുന്ന് ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വസസ് കോർപ്പറേഷന് തുക കൈമാറിയതിൽ മരുന്ന് ഇനിയും ലഭ്യമാകാത്തതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പദ്ധതി നമ്പർ/പദ്ധതിയുടെ പേര്	പ്രൊഫോർമ്മ ഇൻവോയ്സ് നമ്പർ	ലഭിക്കുവാനുള്ള മരുന്ന്
1	14/22 പെരിഞ്ഞനം സിഎച്ച്സി ക്ക് മരുന്ന് വാങ്ങൽ	PRF 188/12.5.21-500000/- PRF-2442/4. 10.21-200000/-	75534 28619
2	77/22 സെക്കന്ററി പാലിയേറ്റീവ്	PRF-340/22.5.21-500000/- 2454/4. 10.21-225000/-	31747/- 38153/-
3.	15/22 മാടവന എഫ് എച്ച് സിക്ക് മരുന്ന് വാങ്ങൽ	PRF-307/20.5.21-500000/- PRF-6709/9.3.2022-150000/-	48090/- 116432/-

മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-19 GeM മുഖേന അല്ലാതെ വാങ്ങൽ നടത്തി.

25000 രൂപക്ക് മുകളിലുള്ള സാധനങ്ങൾ GeM മുഖേന വാങ്ങേണ്ടതാണ്. (ജി ഒ (ആർ.ടി)നം. 482/22/തസ്വഭവ, തീ.28.02.22) എന്നാൽ മെഡിക്കൽ ഓഫീസർ സിഎച്ച്സി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിൽ GeM മുഖേന അല്ലാതെ വാങ്ങൽ നടത്തിയതിന്റെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

വിശദാംശം താഴെ ചേർക്കുന്നു.

1.പദ്ധതി നമ്പർ 25/22

മാടവന എഫ് എച്ച്സിയിലേക്ക് എയർകണ്ടീഷനർ വാങ്ങൽ

ചെലവ് 82300

2.പദ്ധതി നമ്പർ 57/22

പെരിഞ്ഞനം സി എച്ച്സി എയർകണ്ടീഷനർ വാങ്ങൽ

ചെലവ് 82300

3.പദ്ധതി നമ്പർ 18/22

പെരിഞ്ഞനം സി എച്ച്സി ഡെന്റൽ യൂണിറ്റിലേക്ക് സാധനങ്ങൾ വാങ്ങൽ

ചെലവ് -50000

4.പദ്ധതി നമ്പർ 187 /22

പെരിഞ്ഞനം സി എച്ച്സി ലാബിലേക്ക് ഇൻവർട്ടർ ബാറ്ററി വാങ്ങൽ

ചെലവ് -99500

5.പദ്ധതി നമ്പർ 28 /22

പെരിഞ്ഞനം സി എച്ച്സി ലാബിലേക്ക് ഉപകരണങ്ങളും സാധന സാമഗ്രികളും വാങ്ങൽ

ചെലവ് -170000

6.പദ്ധതി നമ്പർ 110 /22

മാടവന എഫ് എച്ച്സി ആർദ്രം പദ്ധതി ഉപകരണങ്ങൾ വാങ്ങൽ

ചെലവ് - 566130

7.പദ്ധതി നമ്പർ 16/22

മാടവന എഫ് എച്ച്സി,പെരിഞ്ഞനം സി എച്ച്സി ലാബിലേക്ക് ഉപകരണങ്ങളും സാധന സാമഗ്രികളും വാങ്ങൽ

ചെലവ്- 75000/-

8.പദ്ധതി നമ്പർ 91/22

പൾസ് ഓക്സി മീറ്റർ വാങ്ങൽ

ചെലവ്-416220/-

9.പദ്ധതി നമ്പർ 81/22

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ചെലവ്-680000/-

സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 7/30.03.2023)

1-20 സൂപ്രണ്ട് സിഎച്ച്സി നടപ്പിലാക്കിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതികൾ-സർക്കാർ ഉത്തരവ് പാലിച്ചില്ല.

സൂപ്രണ്ട് സിഎച്ച്സി നടപ്പിലാക്കിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സർക്കാർ ഉത്തരവ് G.O(P) നമ്പർ 10/2019/SPD/22.8.2019 പ്രകാരം CPRCS ൽ നിന്നാണ് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങേണ്ടത്. എന്നാൽ സൂപ്രണ്ട് സിഎച്ച്സി നടപ്പിലാക്കിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതികളിൽ KSIE യിൽ നിന്നാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ഇത് സബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നല്കി.

2.കൂടിയ വിലക്ക് വാങ്ങി.

പദ്ധതി നമ്പർ-113/22(സ്പിൽ ഓവർ)

പെരിഞ്ഞനം സിഎച്ച്സി /മാടവന എഫ് എച്ച് സി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

മേൽപദ്ധതി പ്രകാരം KSIE യിൽ നിന്നാണ് കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത്. ഇൻവോയ്സ് നമ്പർ C LTBC 244/6.2.21 പ്രകാരം 3 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയത് പരിശോധിച്ചതിൽ 2 എണ്ണം 34220 രൂപക്കും ഒരെണ്ണം 65423 രൂപക്കുമാണ് വാങ്ങിയിരിക്കുന്നത്. ഇത്ര വില കൂടുതൽ ഉള്ള (65423 രൂപ) കമ്പ്യൂട്ടർ വാങ്ങാൻ ഇടയായതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/3.4.23) വാക്സിനേഷന് കമ്പ്യൂട്ടർ ഇല്ലതിരുന്നതിനാലാണ് വാങ്ങൽ നടത്തിയതെന്നും I5 പ്രൊസസർ / വിൻഡോസ് 10 ഉള്ള കമ്പ്യൂട്ടർ വാങ്ങിയതെന്ന് മറുപടി നൽകി. എന്നാൽ ഇത്തരമൊരു കമ്പ്യൂട്ടറിന്റെ ആവശ്യകത സംബന്ധിച്ച യാതൊരു രേഖയും ഫയലിൽ ഇല്ല.

3.പ്രൊഫോർമ്മ ഇൻവോയ്സിൽ രേഖപ്പെടുത്തിയതിലും ഉയർന്ന വിലക്ക് കമ്പ്യൂട്ടർ വാങ്ങി.

പദ്ധതി നമ്പർ-110/22(സ്പിൽ ഓവർ)

ആർദ്രം പദ്ധതി മാടവന എഫ് എച്ച് സിക്ക് ഉപകരണങ്ങൾ വാങ്ങൽ

മേൽപദ്ധതി പ്രകാരം KSIE യിൽ നിന്ന് ഇൻവോയ്സ് നമ്പർ C LTBC 244/6.2.21 പ്രകാരം ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ ഒരെണ്ണം 65423 രൂപക്കാണ് വാങ്ങിയിരിക്കുന്നത്. ഫയലിലെ KSIE യുടെ പ്രൊഫോർമ്മ ഇൻവോയ്സിൽ ഒന്നിന് 47200 രൂപ ആണ് കാണിച്ചിരിക്കുന്നത്. അപാകതക്ക് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/3.4.23)വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല.

3. വാറണ്ടി കുറഞ്ഞ കാലയളവിലേക്ക് മാത്രം ലഭിച്ചു.

KSIE മുഖേന വാങ്ങൽ നടത്തിയ കമ്പ്യൂട്ടറുകൾക്ക് 1 വർഷ വാറണ്ടി മാത്രമേ ലഭിച്ചുള്ളൂ,സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കമ്പ്യൂട്ടർ വാങ്ങൽ പദ്ധതിയിൽ 5 വർഷ വാറണ്ടി ലഭ്യമായിട്ടുണ്ട്.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഫണ്ടിന് അധിക ബാദ്ധ്യത വരുത്തുന്ന രീതിയിൽ ചെലവ് നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 17/03.04.2023)

1-21 ഇലക്ട്രിക് പ്രവൃത്തി-അധിക പ്രതിഫലം നല്കി

സൂപ്രണ്ട് സിഎച്ച്സി നിർവ്വഹണ ഉദ്യോഗസ്ഥനായ ഇലക്ട്രിക് പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ,സൂപ്പർവിഷൻ എന്നിവക്ക് എൻജിനീയർക്ക് അധിക പ്രതിഫലം നല്കിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

പദ്ധതിനമ്പർ പദ്ധതി ഫണ്ടിനം	ബിൽനമ്പർ/ തിയതി തുക	തുക ലഭ്യമാക്കിയത്
59/22 പെരിഞ്ഞനം സി എച്ച് സി കോൺഫറൻസ് ഹാൾ ഇലക്ട്രിക് വർക്ക് മെയിന്റനൻസ് നോൺറോഡ ഗ്രാന്റ്ബി	ബിൽനമ്പർ/ തിയതി ലഭ്യമല്ല. 214143.29 ജി.എസ്.ടി-25697.19 എസ്റ്റിമേറ്റ് തയ്യാറാക്കൽ, സ്കൂട്ടിനി 4%-9594	l)ജെ ആർ അസോസിയേറ്റ്സ് 232539/- li)ഇസ്മായീൽ.പി.എ-9594 lii)KBOCWW ബോർഡ് - 2133 lv) ഇൻകം ടാക്സ്-4267

22.09.2015ലെ സ.ഉ(സാധാ)നം.2878/2015/ത.സ്വ.ഭ.വ പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ നാല് ശതമാനം പ്രതിഫലമായി അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ ആവശ്യത്തിനായി ജി.എസ്.റ്റി. ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇൻഡസ്ട്രീസ് & പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 01.03.2019 ലെ 18/2019/fin സർക്കുലർ ഖണ്ഡിക -6-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

ഈ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സ്കൂട്ടിനിയ്ക്കും ജി.എസ്.ടി ഉൾപ്പെടാത്ത എസ്റ്റിമേറ്റ് തുകയായ 214143.29ന്റെ 4% ആയ 8566 നൽകുന്നതിന പകരം എസ്റ്റിമേറ്റ് + 12%ജി.എസ്.ടി തുകയായ 239840.48 ന്റെ 4% ആയ 9594 രൂപയാണ് നൽകിയിരിയ്ക്കുന്നത്. ഇപ്രകാരം (9594-8566)=₹1028 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സ്കൂട്ടിനിയ്ക്കും അധികം നൽകിയിട്ടുണ്ട്. അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.7/30.03.2023)
സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള പദ്ധതികൾ എൽഎസ്ജിഡി എൻജിനീയറിങ്ങ് വിഭാഗം ആണ് നടപ്പിലാക്കേണ്ടത്. ആയതിന പകരം മെഡിക്കൽ ഓഫീസറെ ഏൽപ്പിച്ചത് പദ്ധതി മാർഗ്ഗരേഖ ഉത്തരവിന്റെ ലംഘനം ആണ്. ഭാവിയിൽ ഇത്തരം അപാകത ഒഴിവാക്കേണ്ടതാണ്.

1-22 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ തുക വിനിയോഗിച്ചതു കാണിക്കുന്ന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	വൗച്ചർ നമ്പർ	തുക	തുക നിക്ഷേപിക്കപ്പെട്ട സ്ഥാപനം
1	2/22	ഐ.കെ.എം. വിഹിതം നൽകൽ	ഡവലപ്പ്മെന്റ് ഫണ്ട്-ജനറൽ.bill No.212303000000003492/9.6.2021	65062	ഇൻഫർമേഷൻ കേരള മിഷൻ
2	7/22	CAN തൃശ്ശൂർ	ഡവലപ്പ്മെന്റ് ഫണ്ട്-ജനറൽ.bill No.212303000000019626/21-01-22	100000	സെക്രട്ടറി, ജില്ലാ പഞ്ചായത്ത്

1-23 തനത് ഫണ്ട് ചെലവുകളുടെ വൌച്ചറുകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള താഴെ പറയുന്ന ചെലവുകളുടെ വൗച്ചറുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

ക്രമ നമ്പർ	വൗച്ചർ നമ്പർ/തീയതി	തുക	ഇനം
1	22100016/29.4.2021	776422	ഇലക്ഷൻ ചെലവുകൾ
2	22100095/30.6.2021	9298	ടെയിനിങ്ങ് ചെലവുകൾ
3	22100206/25.8.2021	30000	ജനകീയാസൂത്രണം സിൽവർ ജ്ബിലി ആഘോഷം
4	22100254/6.10.2021	8900	സി എഫ് സി വർക്കുകൾ ജിയോടാഗ് ചെയ്യുന്നതിന് മൊബൈൽ ഫോൺ വാങ്ങിയത്
5	22100280/6.10.2021	48395	വാഹന വാടക - ഇലക്ഷൻ
6	22100316/2.11.2021	20832	കില ടെയിനിങ്ങ്
7	22100331/20.11.2021	10950	ജി എസ് ടി ഇ-ഫയലിങ്ങ്
8	22100370/28.12.2021	11342	ജനകീയാസൂത്രണം സിൽവർ ജ്ബിലി ആഘോഷം
9	22100422/22.1.2022	19680	വനിതാ കാന്റീൻ റിഫ്രഷ്മെന്റ് ചാർജ്
10	22100425/21.1.2022	8000	നോമിനേഷൻ ഫീ തിരിച്ച് കൊടുത്തത്
11	22100426/21.1.2022	9960	ഐ എസ് ഒ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ
12	54/21-22/19.3.2022	18370	ആർ ഡി ഏജന്റ്മാർക്കുള്ള ടെയിനിങ്ങ് ചെലവ്
13	55/21-22/21.3.2022	4996	ആർ ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് നൽകിയത്
14	22100204/25.8.2021	177714	പലവക ചെലവുകൾ
15	22100297/26.10.2021	7701	വൈദ്യുതി ചാർജ്
16	22100450/2.2.2022	18880	കമ്പ്യൂട്ടർ എ എം സി ചാർജ്
17	22100521/21.3.2022	7000	കോർപ്പറേറ്റ് സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് നൽകിയത്
18	22100521/21.3.2022	35000	ഐ എസ് ഒ സർട്ടിഫിക്കേഷൻ
	ആകെ	1223440	

മുകളിൽ പറഞ്ഞ വൗച്ചറുകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 1223440 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് അന്വേഷണം നമ്പർ 22/4.4.2023)

1-24 തനത് ഫണ്ട് ചെലവുകൾ - ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിലെ ജി പി ജി ഫണ്ടിൽ നിന്നുള്ള ചെലവുകൾ പരിശോധിച്ചതിൽ ചെലവിന് ആധാരമായ മൂഴുവൻ രേഖകളും ഫയലിൽ ലഭ്യമാക്കിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ	വൗച്ചർ നമ്പർ/ചെക്ക്	തുക	ഹാജരാക്കാത്ത രേഖകൾ

നമ്പർ	നമ്പർ/തീയതി		
1	22100074/7.6.2021	7796	മാടവന കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വൈദ്യുതി ചാർജ് അടച്ചത്. കെഎസ്ഇബി-യുടെ ബിൽ, രസീത് എന്നിവ ഇല്ല.
2	6493884/29.6.2021	4941	പെരിഞ്ഞനം സി എച്ച് സി-യുടെ വൈദ്യുതി ചാർജ് - കെഎസ്ഇബിയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല
3	6493884/29.6.2021	7337	മാടവന കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വൈദ്യുതി ചാർജ് അടച്ചത്. കെഎസ്ഇബി-യുടെ ബിൽ ഇല്ല.
4	6493884/29.6.2021	1606	മാടവന കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ടെലഫോൺ ബിൽ. ബിഎസ്എൻഎൽ-ന്റെ ബിൽ ഇല്ല
5	22100167/13.7.2021	6300	മതിലകം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗമായിരുന്ന ശ്രീ മുഹമ്മദ് സഗീറിന്റെ ഓണറേറിയം, കുടിശ്ശിക എന്നിവ സൈഫുന്നീസ എന്നയാൾക്ക് നൽകിയത്. ടിയാൾ ശ്രീ മുഹമ്മദ് സഗീറിന്റെ നിയമപരമായ അവകാശിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.
6	38/21-22/19.7.2021	7691	പെരിഞ്ഞനം സി എച്ച് സി-യുടെ വൈദ്യുതി ചാർജ് - കെഎസ്ഇബിയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല
7	55/21-22/13.9.2021	15436	പെരിഞ്ഞനം സി എച്ച് സി-യുടെ വൈദ്യുതി ചാർജ് - കെഎസ്ഇബിയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല
8	55/21-22/13.9.2021	1919	- ടി -
9	95/21-22/30.12.2021	8138	- ടി -
10	98/21-22/14.01.2022	8741	മാടവന കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ടെലഫോൺ ബിൽ. ബിഎസ്എൻഎൽ-ന്റെ കൈപ്പറ്റ് രസീത് ഇല്ല
11	128/21-22/18.3.2022	14810	ബ്ലോക്ക് ഓഫീസിന്റെ വൈദ്യുതി ചാർജ്. കെഎസ്ഇബി-യുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല.
12	128/2021-22 /18.3.2022	2990	വാഹന റിപ്പയർ. ജേക്കബ് മോട്ടോർ വർക്സ്, ചാലക്കുടി എന്ന സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല.
13	22100302/27.10.2021	6000	കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ വരിസംഖ്യ അടവാക്കിയത്. കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല.
	ആകെ	93705	

മുകളിൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 21/3.4.2023 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 93705 രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

1-25 പഠനമുറി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നം: 43/21-22

പേര്:പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ധനസഹായം

അടങ്കൽ:50,00,000/-

ചെലവ്:36,50,000/-

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം 25 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.ആയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഗഡുക്കൾ കൈപ്പറ്റിയിട്ടും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.

ക്രമ	ഗുണഭോക്താവ്	കൈപ്പറ്റിയ തുക(21-22 സാമ്പത്തിക വർഷം)
1.	സമയമോൾ കെ.ബി,കുറുപ്പംപുരയ്ക്കൽ,പെരിഞ്ഞനം	1,25,000/-
2.	സായന്ത് കൃഷ്ണ് റ്റി.ബി,തേവർപുരയ്ക്കൽ ഹൗസ്,ളളിമുട്ടം	1,25,000/-
3.	അനിൽ S/o സുബ്രമണ്യൻ,കാളത്തോട് ഹൗസ്,ചെന്ത്രാപ്പിന്നി	50,000/-

ആദ്യത്തെ രണ്ട് ഗുണഭോക്താക്കൾക്ക് അഡ്വാൻസ് നൽകാവുന്ന 50,000/-രൂപയ്ക്ക് പുറമേ നിർമ്മാണ പുരോഗതിയുടെ രേഖകളില്ലാതെ 75,000/-രൂപ കൂടി കൈമാറിയിട്ടുണ്ട്.മുകളിൽ പറഞ്ഞിട്ടുള്ള ഗുണഭോക്താക്കളിൽ നിന്നും കൈമാറിയ പണം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 11/3.4.23 നൽകിയിരുന്നു.മറുപടിയിൽ ക്രമ നം 3ലെ ഗുണഭോക്താവിന്റെ പഠനമുറിയുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും , ബാക്കിയുള്ള രണ്ട് ഗുണഭോക്താക്കളെ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി പഠനമുറി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.ആയതിനാൽ പഠനമുറിയുടെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 ഡയറി ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ ന്യൂനതകൾ

1. പ്രൊജക്ട് നം:11/21-22

പേര് :ക്ഷീര വികസന യൂണിറ്റ് മതിലകം കാര്യാലയത്തിലേക്ക് കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, യുപിഎസ് വാങ്ങുന്നതിന്

അടങ്കൽ:153767/-

ചെലവ്:153767/-

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം ക്ഷീര വികസന യൂണിറ്റ് മതിലകം കാര്യാലയത്തിലേക്ക് കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, യുപിഎസ് വാങ്ങുന്നതിന് കെൽട്രോണിന് പണം കൈമാറിയിട്ടുണ്ട്. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ കെൽട്രോണിൽ നിന്നുള്ള അസൽ ബിൽ, സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 10/3.4.23 നൽകിയിരുന്നു. എന്നാൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പ്രൊജക്ട് നം:84/21-22

പേര്:ക്ഷീര സംഘങ്ങൾ മുഖേന ക്ഷീര കർഷകർക്ക് കാലിതീറ്റ സബ്സിഡി.

അടങ്കൽ:5,00,000/-

ചെലവ്:4,99,593/-

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം ക്ഷീര സംഘങ്ങൾ മുഖേന ക്ഷീര കർഷകർക്ക് കാലിതീറ്റ സബ്സിഡി നൽകിയിട്ടുണ്ട്. താഴെ പറയുന്ന ക്ഷീര സംഘങ്ങളുടെ കാലിത്തീറ്റ വാങ്ങിയ ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 10/3.4.23 നൽകിയിരുന്നു. എന്നാൽ രേഖകൾ

പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമ നം.	ക്ഷീര സംഘം	ഇൻവോയ്സ് തുക
1	ആമണ്ടൂർ R175DAPCOS	63,215/-
2	പെരിഞ്ഞനം ഈസ്റ്റ് R174DAPCOS	77,624/-

1-27 ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

1. പ്രൊജക്ട് നം:5/21-22

പേര്:ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി.

അടങ്കൽ:13,00,000/-

ചെലവ്:13,00,000/-

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന് 3,25,000/-(167796+118759+38445)രൂപ കൈമാറിയിട്ടുണ്ട്.ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2. പ്രൊജക്ട് നം:88/21-22

പേര്:ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി.

അടങ്കൽ:5,00,000/-

ചെലവ്:4,74,041/-

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം 7 ഗ്രാമപഞ്ചായത്തുകൾക്ക് 4,74,041/-രൂപ കൈമാറിയിട്ടുണ്ട്.ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 12/3.4.23 നൽകിയിരുന്നു. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1-28 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

1. പ്രൊജക്ട് നം: 131/21-22

പേര്:പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതാഗ്രൂപ്പുകൾക്ക് ധനസഹായം

അടങ്കൽ:1,60,000/-

ചെലവ്:1,60,000/-

A) മേൽപ്പറഞ്ഞ പദ്ധതിപ്രകാരം 4 ഗ്രൂപ്പുകൾക്ക് 40,000/- രൂപ വീതം കൈമാറിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃലിസ്റ്റ്, ഭരണസമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

B) ഉദയ തഴപ്പായ ഗ്രൂപ്പിലെ ശ്രീമതി.സജിത W/o വിജയകുമാർ, കോലാട്ട് എന്ന ഗുണഭോക്താവിന്റെ കമ്മ്യൂണിറ്റി സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2.പ്രൊജക്ട് നം: 116/21-22(SO)

പേര്: പരമ്പരാഗത തൊഴിലുകളുടെ പ്രോത്സാഹനത്തിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതാഗ്രൂപ്പുകൾക്ക് ധനസഹായം

അടങ്കൽ:1,20,000/-

ചെലവ്:1,20,000/-

A) മേൽപ്പറഞ്ഞ പദ്ധതിപ്രകാരം 3 തഴപ്പായ യൂണിറ്റുകൾക്ക് 40,000/- രൂപ വീതം കൈമാറിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃലിസ്റ്റ്, ഭരണസമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

B) കൃപ, സാഗരം, സാഫല്യം എന്നി 3 തഴപ്പായ യൂണിറ്റുകൾക്ക് 40,000/- രൂപ വീതം കൈമാറിയിട്ടുണ്ട്. ഈ മൂന്ന ഗ്രൂപ്പുകളുടെയും അംഗങ്ങൾക്ക് പരാമ്പരാഗത തൊഴിലാളികളാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

C)കൂപ,സാഗരം തഴപ്പായ യൂണിറ്റ് ഗ്രൂപ്പുകൾ ആവശ്യമായ ഉപകരണങ്ങൾ,സംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങിയ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് രേഖകളില്ലാതെ ഈ ഗ്രൂപ്പുകൾക്ക് 40,000/-രൂപ വീതം കൈമാറിയിട്ടുണ്ട്.

D)സാഫല്യം തഴപ്പായ യൂണിറ്റ് ഗ്രൂപ്പുകൾ ആവശ്യമായ ഉപകരണങ്ങൾ, സംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങിയ ബില്ലുകൾ 39200/- മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖപ്രകാരം സബ്സിഡിയായി ചെലവായ തുകയുടെ 75% മാത്രമാണ് നൽകേണ്ടത്.എന്നാൽ ഈ തഴപ്പായ യൂണിറ്റിന് 40,000/- രൂപ കൈമാറിയിട്ടുണ്ട്.
മുകളിൽ സൂചിപ്പിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 13/3.4.23 നൽകിയിരുന്നു. എന്നാൽ ബന്ധപ്പെട്ട രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ മേൽപ്പറഞ്ഞ പദ്ധതികളുടെ ചെലവ് തുക 2,80,000/-രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട ടഷറി ബിൽ ബുക്കോ, ഇ-ബിൽ വൗച്ചറുകളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് ഖണ്ഡിക 1-14ൽ ചേർത്തിട്ടുണ്ട്.

1-29 വനിതാഗ്രൂപ്പുകളുടെ സ്വയം സംരംഭങ്ങൾക്ക് സബ്സിഡി നൽകിയത് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്രൊജക്ട് നം: 9/21-22

നിർവ്വഹണ ഉദ്യോഗസ്ഥൻ:വ്യവസായ വികസന ഓഫീസർ

പേര്:ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം-വനിതാഗ്രൂപ്പുകൾക്ക് പുതിയ സംരഭത്തിന് സഹായം

അടങ്കൽ: 7,50,000/-

ചെലവ്: 7,50,000/-

1. മേൽപ്പറഞ്ഞ പദ്ധതിപ്രകാരം സോപാനം ആകൃവിറ്റി ഗ്രൂപ്പിന് 3,00,000/-രൂപ ധനസഹായം ബാക്ക് എൻഡ് സബ്സിഡിയായി പെരിഞ്ഞനം സർവ്വീസ് സഹകരണ ബാങ്കിലേക്ക് അനുവദിച്ചിട്ടുണ്ട്.വ്യവസായ വികസന ഓഫീസർ 05.09.2022 -ാം തിയ്യതിയിലെ കത്ത് നം.IEO/MKAM/BK/07/02 കത്ത് പ്രകാരം സോപാനം ആകൃവിറ്റി ഗ്രൂപ്പ് നാളിതുവരെയായി പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ ഗ്രൂപ്പിന് അനുവദിച്ച തുക നിയമാനുസൃതം സർക്കാരിലേക്ക് തിരിച്ചടക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ചൂണ്ടിക്കാട്ടി മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.ആയതിനാൽ ഈ ഗ്രൂപ്പ് നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 15/3.4.23 നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.4.3.23 -ാം തിയ്യതിയിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല.സ്ഥാപനത്തിന്റെ Name Board കാണാൻ സാധിച്ചില്ല.സ്ഥാപനത്തിന് വരവു ചെവലു കണക്കുകളില്ല.ഗ്രൂപ്പിലെ 3 അംഗങ്ങൾ ഗ്രൂപ്പിൽ നിന്നും പിൻമാറിയിട്ടുണ്ട്.നിലവിൽ ഗ്രൂപ്പിലുള്ള രണ്ട് അംഗങ്ങൾ പരിശോധന വേളയിൽ അവിടെ ഉണ്ടായിരുന്നില്ല.ആയതിനാൽ സ്ഥാപനം എത്രയും വേഗം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.അല്ലാത്തപക്ഷം 3,00,000/-രൂപ ധനസഹായം നൽകിയത് തിരികെ ഈടാക്കി സർക്കാർ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. മേൽപ്പറഞ്ഞ പദ്ധതിപ്രകാരം സ്പ്രിംഗിൾ ഹോം മേഡ് കേക്ക് എന്ന വനിതാഗ്രൂപ്പിന് 1,50,000/-രൂപ ധനസഹായം ബാക്ക് എൻഡ് സബ്സിഡിയായി നൽകിയിട്ടുണ്ട്. 4.3.23 -ാം തിയ്യതിയിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. സ്ഥാപനത്തിന്റെ Name Board കാണാൻ സാധിച്ചില്ല. സ്ഥാപനത്തിന് വരവു ചെവലു കണക്കുകളില്ല. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഡി&ഒ ലൈസൻസ്, ഭക്ഷ്യ വകുപ്പിൽ നിന്നുള്ള അനുമതി പത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മിനിറ്റ്സ് ബുക്കില്ല. ഗ്രൂപ്പിലെ 3 അംഗങ്ങൾ ഗ്രൂപ്പിൽ നിന്നും പിൻമാറിയിട്ടുണ്ട്. ഗ്രൂപ്പിലുള്ള രണ്ട് അംഗങ്ങൾ മാത്രമാണ് പരിശോധന വേളയിൽ അവിടെ ഉണ്ടായിരുന്നത്. മാർഗ്ഗരേഖാപ്രകാരം 5 പേരുടെ ഗ്രൂപ്പുകൾക്കാണ് ധനസഹായം അനുവദിക്കുന്നത്. ഗ്രൂപ്പിലെ 5 അംഗങ്ങൾക്കും ഒരു വരുമാനം എന്ന ലക്ഷ്യം കൈവരിക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. എന്നാൽ സബ്സിഡി ലഭിക്കുന്നതിന് വേണ്ടി 5 പേരുടെ ഗ്രൂപ്പുകളുണ്ടാക്കുകയും ആയത് ലഭിച്ചതിനു ശേഷം ഗ്രൂപ്പിൽ നിന്നും അംഗങ്ങൾ പിൻമാറുകയും ചെയ്യുന്നത് തെറ്റായ പ്രവണതയാണെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ആയതിനാൽ സംരംഭങ്ങൾ കൃത്യമായി പ്രവർത്തിച്ചു പോരുന്നുണ്ടോയെന്ന് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നിരീക്ഷിക്കേണ്ടതാണ്.

1-30 പദ്ധതികൾ സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കാൻ

ശ്രദ്ധിക്കേണ്ടതാണ്

പ്രൊജക്ട് നം: 10/21-22

പേര്:പരമ്പരാഗത വ്യവസായം-കൈതൊഴിലുകൾ ചെയ്യുന്ന വനിതാഗ്രൂപ്പുകൾക്ക് ധനസഹായം

അടങ്കൽ:30,80,000/-

ചെലവ്:30,72,000/-

1) മേൽപ്പറഞ്ഞ പദ്ധതിപ്രകാരം 96 തഴപ്പായ യൂണിറ്റുകൾക്ക് 32,000/- രൂപ വീതം കൈമാറിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃലിസ്റ്റ്, ഭരണസമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) താഴെ പറയുന്ന തഴപ്പായ യൂണിറ്റുകൾ സമർപ്പിച്ച ചെലവുകളുടെ രേഖകൾ താഴെ ചേർക്കുന്നു.

സ്ഥാപനം	ചെലവായ തുക
ശ്രീകൃഷ്ണ് തഴപ്പായ യൂണിറ്റ്	5,000/-
കൃഷ്ണ് തഴപ്പായ യൂണിറ്റ്	25,000/-
ഷിലോങ്ങ് തഴപ്പായ യൂണിറ്റ്	31,945/-

സബ്സിഡി മാർഗ്ഗരേഖപ്രകാരം സബ്സിഡിയായി ചെലവഴിച്ച തുകയുടെ 50% ആണ് നൽകേണ്ടത്. എന്നാൽ ഈ തഴപ്പായ യൂണിറ്റുകൾക്ക് 32,000/- രൂപ വീതം കൈമാറിയിട്ടുണ്ട്.

3) സാന്ത്വനം, ചൈതന്യ 2, ഷിലോങ്ങ്, മഴവില്ല്, വർണ്ണം 2 എന്നി തഴപ്പായ യൂണിറ്റുകൾക്ക് 32,000/- രൂപ വീതം കൈമാറിയിട്ടുള്ളത്. ഈ ഗ്രൂപ്പുകളുടെ അംഗങ്ങൾക്ക് പരാമ്പരാഗത തൊഴിലാളികളാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4)താഴെ പറയുന്ന തഴപ്പായ യൂണിറ്റുകൾക്ക് സി.ഡി.എസ്സിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ശ്രീവത്സം തഴപ്പായ യൂണിറ്റ്
ചൈതന്യ 2 തഴപ്പായ യൂണിറ്റ്
ഷില്ലോങ്ങ് തഴപ്പായ യൂണിറ്റ്
സ്വരുമ 2 തഴപ്പായ യൂണിറ്റ്
മഴവില്ല് തഴപ്പായ യൂണിറ്റ്
മന്ദാരം തഴപ്പായ യൂണിറ്റ്
തമ്പുരു തഴപ്പായ യൂണിറ്റ്
താലോലം 2 തഴപ്പായ യൂണിറ്റ്
നന്മ് തഴപ്പായ യൂണിറ്റ്
ഒരുമ 2 തഴപ്പായ യൂണിറ്റ്
വർണ്ണം 2 തഴപ്പായ യൂണിറ്റ്
സെയിൻ തഴപ്പായ യൂണിറ്റ്
ഭദ്ര തഴപ്പായ യൂണിറ്റ്
അവന്തിക തഴപ്പായ യൂണിറ്റ്

മേൽപ്പറഞ്ഞ അപാകങ്ങൾക്ക് ഓഡിറ്റ് എൻകയറി 14/3.4.23 നൽകിയിരുന്നു. എന്നാൽ രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മറുപടിയിൽ 2020-21 സാമ്പത്തിക വർഷത്തിൽ ആനുകൂല്യം നൽകാതിരുന്ന ഗുണഭോക്താക്കൾക്ക് മാത്രമാണ് 2021-22 സാമ്പത്തിക വർഷത്തിൽ ആനുകൂല്യം നൽകിയതെന്നും, ആയതിനാലാണ് ഭരണസമിതി തീരുമാനം എടുക്കാതിരുന്നതെന്നും അറിയിച്ചു. സാന്ത്വനം, ചൈതന്യ 2 ഗ്രൂപ്പുകളുടെ ചെലവഴിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും ഒരേ പേരിൽ ഒന്നിലധികം ഗ്രൂപ്പുകൾ ഉള്ളതിനാൽ ആയതിന്റെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല. ഷിലോങ്ങ് തഴപ്പായ യൂണിറ്റിന്റെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. UTR Statement പ്രകാരം 97 തഴപ്പായ യൂണിറ്റുകൾക്ക് 32,000/- രൂപ വീതം കൈമാറിയിട്ടുണ്ട്. പദ്ധതി ചെലവ് പ്രകാരം 96 തഴപ്പായ യൂണിറ്റുകൾക്ക് മാത്രമേ 32,000/- രൂപ വീതം കൈമാറാൻ സാധിക്കുകയുള്ളൂ. ആയത് പരിശോധിക്കേണ്ടതാണ്. ആയതിനാൽ പദ്ധതികൾ സബ്സിഡി മാർഗ്ഗരേഖ

നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തൻവർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ ഇല്ല

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-20	3(4)	2006-07	3.55.1	അറവുശാല പാഴ്ചെലവ്	20.12.21 ൽ നടന്ന യോഗത്തിൽ പരിഗണിച്ചില്ല. അടുത്ത യോഗത്തിലേയ്ക്ക് മാറ്റിവെച്ചു.
2000-01	3(6)	2006-07	3.55.2	റോഡ് റോളർ വാങ്ങിയത് ഉപയോഗിക്കാതെ കിടക്കുന്നു.	20.12.21 ൽ നടന്ന യോഗത്തിൽ പരിഗണിച്ചില്ല. അടുത്ത യോഗത്തിലേയ്ക്ക് മാറ്റിവെച്ചു.

2001-02	3(10)	2006-07	3.55.3	മതിലകം മാർക്കറ്റ് നിർമ്മാണം അപാകത	20.12.21 ൽ നടന്ന യോഗത്തിൽ പരിഗണിച്ചില്ല. അടുത്ത യോഗത്തിലേയ്ക്ക് മാറ്റിവെച്ചു.

4-8 ചാർജ്ജ് സർചാർജ്ജ്

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	40395209
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	31900228
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	15,97,145/-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	ഖണ്ഡിക പ്രകാരമുള്ള ആകെ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	ഓരോരുത്തർക്കും ബാധകമായ തുക
1-23	1223440	ശ്രീവിക്രമൻ ആശാരി എസ്, സെക്രട്ടറി	776422
		ശ്രീ ഹംസ പി എം, സെക്രട്ടറി	217012
		ശ്രീമതി വിജയ എം എസ്, സെക്രട്ടറി	230006
1-24	93705	ശ്രീ സംഗീത് സി കെ,സെക്രട്ടറി	7796
		ശ്രീ ഹംസ പി എം, സെക്രട്ടറി	27875
		ശ്രീ ശ്രീജിത്ത് സി, സെക്രട്ടറി	17355
		ശ്രീമതി എം എസ് വിജയ, സെക്രട്ടറി	40679
1-28	2,80,000/-	ശ്രീ.മനോജ്.ടി ഐ.ഇ.ഒ നോർത്ത് പറവൂർ	2,80,000/-

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേര്, ഉദ്യോഗപ്പേര്	ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം (ഓഡിറ്റ് നടന്ന സമയം)	സ്ഥിരം മേൽവിലാസം
ശ്രീ. വിക്രമൻ ആശാരി എസ്, സെക്രട്ടറി	റിട്ടയേർഡ്	ഗ്രാമീണം, കൃഷ്ണൻകോവിൽ സ്ട്രീറ്റ്, പുന്നക്കുളം,കോട്ടുകാൽ പി ഒ, തിരുവനന്തപുരം 695501
ശ്രീ സംഗീത് സി കെ, സെക്രട്ടറി	സെക്രട്ടറി, ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്	ചെമ്പിശ്ശേരി വീട്, ചെല്ലാലൂർ പി ഒ, 680312
ശ്രീ ഹംസ പി എം, സെക്രട്ടറി	റിട്ടയേർഡ്	പീസ് മഹൽ, വാടാനപ്പള്ളി, തൃശ്ശൂർ 680614
ശ്രീ ശ്രീജിത്ത് സി, സെക്രട്ടറി	ലഭ്യമല്ല	അറക്കൽ വീട്, തൈക്കൂടം, എറണാകുളം
ശ്രീമതി എം എസ് വിജയ, സെക്രട്ടറി	റിട്ടയേർഡ്	വാദ്ധ്യാരുപറമ്പിൽ വീട്, പറവൂർത്തറ, ചേന്ദമംഗലം പി ഒ, എറണാകുളം
ശ്രീ.മനോജ്.ടി ഐ.ഇ.ഒ	ഐ.ഇ.ഒ,തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്	ലഭ്യമല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	റിമാർക്സ് (CAR/CASE /H/SCH)
1	1995-96 മുതൽ 1998-99	എൽ.എഫ്.ടി(19)-622/2000 തീ.17.7.2000/ 14.9.2000	16	31, 40, 53, 76(2), 78, 79, 84, 86, 98, 99, 100, 101, 102, 103, 104(2), 105	
2	1999-2000	എൽ.എഫ്.ടി(12)-851/06 തീ.12.10.06/ 28.02.07	7	3-2, 3-3(2), 3-7, 3-10, 3-11, 3-12	
				3-4	CAR
3	2000-01	എൽ.എഫ്.ടി(12)-850/06 തീ.12.10.06/ 28.02.07	4	3-3, 3-5, 3-7	

				3-6	CAR
4	2001-02	എൽ.എഫ്.ടി(12)-849/06 തീ.31.10.06/ 1.03.07	6	3-2 (1,2,3,4,5,6,7,8,10,11,13,17), 3-3, 3-5, 3-8, 3-9	
				3-10	CAR
5	2002-03	എൽ.എഫ്.ടി(21)-2569/07 തീ.25.11.08/ 3.3.09	6	3-3, 3-4, 3-6, 3-7	
				3-9, 3-10	CAR
6	2003-04	എൽ.എഫ്.ടി(21)-2568/07 തീ.25.11.08/ 3.3.09	11	2-1, 3-1(a,b), 3-3, 3-4, 3-7, 3-9(b), 3-10, 3-11, 3-13	
				3-8, 3-12	CAR
7	2004-05	എൽ.എഫ്.ടി(21)-2567/07 തീ.25.11.08/ 12.03.09	9	2-1, 2-2, 3-1, 3-5, 3-9, 3-10, 3-11, 3-12, 3-13	
8	2005-06	എൽ.എഫ്.ടി(21)-795/09 തീ.22.05.10/ 3.12.10	4	2-3, 3-4, 3-6, 3-8	
9	2006-07	എൽ.എഫ്.ടി(21)-796/09 തീ.22.05.10/ 3.12.10	9	2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7(1,2,3), 3-8	
10	2007-08	എൽ.എഫ്.ടി(ബിപി)-67/12 തീ.28.5.12/ 05.09.12	12	1-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11	
11	2008-09	എൽ.എഫ്.ടി(ബിപി)-68/12 തീ.28.05.12/ 5.9.12	9	ഭാഗം - 1, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9	
12	2009-10	എൽ.എഫ്.ടി(ബിപി)-69/12 തീ.28.05.12/ 5.9.12	8	3-1, 3-2, 3-3, 3-4 , 3-5, 3-6, 3-9, 3-10	
13	2010-11	എൽ.എഫ്.ടി(ബിപി)-70/12 തീ.28.05.12/ 5.9.12	21	2-2(എ,ബി), 2-3, 3-1, 3-2, 3-3, 3-4, 3-5,	

				3-6, 3-7, 3-8(എ,ബി), 3-10, 3-11 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-20, 3-23	
14	2011-12	എൽ.എഫ്.ടി(ബിപി)-222/13 തീ.01.08.13/ 04.11.13	27	2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-8, 3-9 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-23, 3-24, 3-25	
15	2012-13	എൽ.എഫ്.ടി(ബിപി)-1025/14 തീ.8.10.14/ 3.12.14	14	3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14	
16	2013-14	കെ.എസ്.എ.ടി.എസ്.ആർ (ബിപി)-31/16 തീ.8.01.2016	3	3-3(Sl.No.3), 3-9	
				3-14	സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. പരാമർശം നിലനിൽക്കുന്നു
17	2014-15 & 2015-16	കെ.എസ്.എ.ടി.എസ്.ആർ (ബിപി2)-662/17 തീ.2.6.17/ 12.6.17	12	2-1, 3-1, 3-3, 3-5, 3-6, 3-8, 3-9, 3-10,3-14, 3-15, 3-16, 3-17	
18	2016-17	കെ.എസ്.എ.ടി.എസ്.ആർ (ബിപി2)-1743/17 തീ.8.12.17/ 10.01.18	7	3-4, 3-8, 3-10, 3-13(എ), 3-15, 3-16	
				3-6	സർക്കാർ സാധൂകരണം
19	2017-18	കെ.എസ്എ.ടി.എസ്.ആർ (ബിപി2)-52/19 തീ.26.03.19	12	1-9, 2-1(എ), 2-2(3), 2-2(5), 3-2(1), 3-4, 3-5(Sl.1,4,7),3-6,	

				3-10,3-13,3-14, 3-16	
20	2018-19	കെ.എസ്.എ.ടി.എസ്.ആർ (ബിഹി2)-138/2020 തീ.5.6.2020/ 12.06.2020	9	1-6, 1-7, 1-9, 1-10, 1-11, 1-13, 1-15, 1-16, 1-17	
21	2019-20	നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 9) 59/2022 തീ.7.05.2022	37	1-8,1-9,1-10,1-11,1-12,1-13, 1-14,1-15,1-16,1-17,1-18,1-19, 1-20,1-21,1-22,1-23,1-24,1-25, 1-26,1-27,1-28,1-29,1-30, 1-31,1-32,1-33,1-34,1-35, 1-36,1-37,1-38,1-39, 1-40,1-41,1-42,1-43,1-44	
22	2020-21	കെ.എസ്.എ.ടി.എസ്.ആർ (പി 9) 60/2022 തീ.7.05.2022	27	1-8,1-9,1-10,1-11,1-12,1-13,1-14, 1-15,1-16,1-17,1-18,1-19,1-20,1-21, 1-22,1-23,1-24,1-25,1-26,1-27, 1-28,1-29,1-30,1-31,1-32,1-33,3-1	
	ആകെ		270		

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്